(സി) സഹകരണ സ്ഥാപനങ്ങൾക്കുമുണ്ടാകുന്ന നഷ്ടം ഉണ്ടാകാതിരിക്കാൻ തത്തുല്യമായ തുക ഹരിജനക്ഷേമ വകുപ്പിൽനിന്നും നൽകുമോ;

(ഡി) സഹകരണ സ്ഥാപനങ്ങളിൽനിന്നും ഹരിജനങ്ങളെ ഒഴിവാക്കുന്ന കാർഷികേതര വായ്പകൾക്ക് പലിശ സബ്സിഡി അനുവദിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇപ്രകാരം ഒരു പദ്ധതി ആവിഷ്കരിക്കുന്നപക്ഷം ഇതുമൂലം സംഘങ്ങൾക്കുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിന് സർക്കാരിന് കനത്ത സാമ്പത്തിക ബാദ്ധ്യതയുണ്ടാകാൻ സാദ്ധ്യതയുണ്ട്. കൂടാതെ ഇങ്ങനെ ഒരു പദ്ധതി ആവിഷ്കരിക്കുന്നപക്ഷം അതു വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന അംഗങ്ങളെ നിരുൽസാഹപ്പെടുത്താനും സാദ്ധ്യതയുണ്ട്. അതുകൊണ്ട് നിലവിലുള്ള രീതിക്കു മാറ്റം വരുത്തുക സാദ്ധ്യമല്ല.

(സി) ഉദിക്കുന്നില്ല.

(ഡി) പട്ടികജാതി—പട്ടികവർഗ്ഗക്കാർക്ക് മാത്രമായി രൂപീകരിച്ചിട്ടുള്ള സഹകരണ സംഘങ്ങൾ നൽകുന്ന എല്ലാ വായ്പകൾക്കും ചില നിബന്ധനകൾക്കു വിധേയമായി പലിശ സബ്സിഡി അനുവദിക്കുന്നുണ്ട്. മറ്റു സഹകരണ സ്ഥാപനങ്ങളിൽ ഈ ആനുകൂല്യം ഇപ്പോൾ നിലവിലില്ല.

ഹരിജൻ ഉപദേശക സമിതി

473 (a) [834] ശ്രീ. കെ. പുരുഷോത്തമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലകളിൽ ഹരിജൻ ഉപദേശക സമിതികൾ പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഈ സമിതികളുടെ ചുമതലകൾ എന്തെല്ലാം;

(സി) സമിതികളിൽ അംഗങ്ങളെ നോമിനേറ്റു ചെയ്യുന്നതെന്തടിസ്ഥാനത്തിലാണ്;

(ഡി) ജില്ലകളിലെ എം.എൽ.എ. മാരെ ഈ സമിതികളിൽ മെമ്പർമാരാക്കുവാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഹരിജനങ്ങളുടെ ക്ഷേമത്തിനുവേണ്ടിയുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിനെപ്പറ്റി ആവശ്യമായ ഉപദേശങ്ങൾ നൽകുകയാണ് ജില്ലാ ഉപദേശക സമിതിയുടെ പ്രധാന

LIBRARY ARCHIVES Kerala Legislative Assembly

പുമതല. കൂടാതെ ചുവടെ കുറിക്കുന്ന കാര്യങ്ങൾക്ക് ആവശ്യമായ ഉപദേശം നൽകാവുന്നതാണ്.

1. പൊതു കെട്ടിടങ്ങൾ, ലൈബ്രറികൾ, വീടുകൾ മുതലായവയുടെ സ്ഥലം നിശ്ചയിക്കുന്നതു സംബന്ധിച്ച്.
2. വീടുവയ്ക്കുന്നതിന് സ്ഥലം അലോട്ടുചെയ്യുന്നതു സംബന്ധിച്ച്.
3. ഭവന നിർമ്മാണ ഗ്രാന്റ് നൽകുന്നതിന് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന്.
4. കാർഷികോപകരണങ്ങൾ വാങ്ങുന്നതിനുള്ള ഗ്രാന്റു നൽകുന്നതിന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന്.
5. ഹരിജനക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന മറ്റു പദ്ധതികളെപ്പറ്റി ഉപദേശം നൽകുന്നതിന്.

(സി) അതാതു ജില്ലകളിലെ പ്രധാനപ്പെട്ട സാമൂഹ്യ പ്രവർത്തകരെയാണ് ഉപദേശക സമിതി അംഗങ്ങളായി നാമനിർദ്ദേശം ചെയ്യുന്നത്.

(ഡി) അതാതു ജില്ലകളിലെ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട എം.പി. മാരും എം.എൽ.എ. മാരും ഉപദേശക സമിതിയിലെ അംഗങ്ങളാണ്.

പോപ്പുലേഷൻ പ്രോജക്ട് പ്രോഗ്രാം

474 [840] ശ്രീ. കെ.കെ. തോമസ്:
,, ബെന്നി ബഹനാൻ:
,, പി.പി. തങ്കച്ചൻ:
,, കെ.എസ്. നാരായണൻ നമ്പൂതിരി:
,, തെന്നല ജി. ബാലകൃഷ്ണപിള്ള:
,, കെ.കെ. രാമചന്ദ്രൻ മാസ്റ്റർ:
,, ജി. കാർത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോപ്പുലേഷൻ പ്രോജക്ട് പ്രോഗ്രാമനുസരിച്ച് ഏതെല്ലാം ജില്ലകളിൽ ആരോഗ്യക്ഷേമ കേന്ദ്രങ്ങൾ നടത്തിവരുന്നു;

(ബി) ലോകബാങ്ക് ഈ പരിപാടിക്കായി ഓരോ ജില്ലയ്ക്കും അനുവദിച്ചിരിക്കുന്ന തുക എത്ര;

(സി) തിരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ ഏതെല്ലാം പരിപാടികളാണ് ഈ പ്രോഗ്രാമനുസരിച്ച് നടപ്പിലാക്കുന്നത്;

(ഡി) ഇതുവരെയുള്ള പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ

LIBRARY ARCHIVES Kerala Legislative Assembly